"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- മുഖത്തല ബ്ലോക്ക് പഞ്ചായത്ത് - ക്ഷീര വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് നം-10/2009- പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട വനിതകൾക്ക് കാലിത്തീറ്റ നൽകൽ, പ്രോജക്ട് നം-63/2009- കറവമാടുകൾക്ക് വേനൽക്കാല സംരക്ഷണം, പ്രോജക്ട് നം-9/2009- വനിത വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് കാലിത്തീറ്റ നൽകൽ എന്നീ പദ്ധതികൾ സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(എഎ)വകുപ്പ്**

സ.ഉ.(സാധാ) നം.253/2025/LSGD തീയതി,തിരുവനന്തപുരം, 25-01-2025

---

പരാമർശം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20.10.2024 ലെ LSGD/PD/28634/2024-AM3 നമ്പർ കത്ത്

**ഉത്തരവ്**

ക്ഷീര വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി മുഖത്തല ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതികളിൽ ഓഡിറ്റ് തടസ്സപ്പെടുത്തിയ, പ്രോജക്ട് നം-10/2009- പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട വനിതകൾക്ക് കാലിത്തീറ്റ നൽകൽ, പ്രോജക്ട് നം-63/2009- കറവമാടുകൾക്ക് വേനൽക്കാല സംരക്ഷണം, പ്രോജക്ട് നം-9/2009- വനിത വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് കാലിത്തീറ്റ നൽകൽ എന്നീ പദ്ധതികൾക്ക് സർക്കാർ സാധൂകരണം നൽകണമെന്നാവശ്യപ്പെട്ട് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശ പ്രകാരം കത്ത് ലഭ്യമാക്കുകയുണ്ടായി.

2. പ്രോജക്ട് നം. 10/2009 സമഗ്ര ക്ഷീരോത്പാദനം (വനിത, പട്ടികജാതി) പ്രകാരം 62,490/- രൂപയും പ്രോജക്ട് നം. 63/2009 കറവമാടുകൾക്ക് വേനൽക്കാല സംരക്ഷണം എന്ന പ്രോജക്ടിൽ 92,600/- രൂപയും, പ്രോജക്ട് നമ്പർ 9/2009 സമഗ്ര ക്ഷീരോത്പാദനം (വനിത ജനറൽ) പ്രകാരം 1,84,110/- രൂപയും ഉൾപ്പെടെ 3 പ്രോജക്ടുകൾ ക്കുമായി 3,39,200/- രൂപ ആകെ ബാധ്യതയായി, ഓഡിറ്റ് കണക്കാക്കിയിരിക്കുകയാണ്. പദ്ധതി നടപ്പിലാക്കിയ 11-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഇത്തരം സബ്സിഡി നൽകുന്നത് പ്രതിപാദിച്ചിട്ടില്ലാത്തതാണെങ്കിലും, പിന്നീടുള്ള എല്ലാ പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലും ഇത് ഉൾപ്പെടുത്തിയിട്ടുണ്ട്. ഉൽപ്പാദന മേഖലയിലെ പ്രത്യേക മേഖലയിലെ പ്രത്യേക സാഹചര്യവും ക്ഷീര കർഷകരുടെ നിലനിൽപ്പും പരിഗണിച്ചാണ് പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുള്ളത്. വേനൽക്കാലത്ത് കടുത്ത ജലദൗർലഭ്യം നേരിടുന്ന ഈ പ്രദേശത്ത് ഇത്തരത്തിലുള്ള പദ്ധതി ക്ഷീര കർഷകർക്ക് വളരെ പ്രയോജനപ്രദമാണ് എന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ ക്ഷീരവികസന ഓഫീസർ വിശദീകരിച്ചിരിക്കുന്നു. കൂടാതെ മുഖത്തല ബ്ലോക്ക് പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം മുതൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. 2020-21ൽ 2 0 ലക്ഷം രൂപ, 2021-22ൽ 2 8 ലക്ഷം രൂപ 2022-23ൽ 4 9 ലക്ഷം രൂപ 2023- 24ൽ 5 0 ലക്ഷം രൂപയുടെയും വികസന ഫണ്ട് പ്രസ്തുത പദ്ധതിയ്ക്കായി ബ്ലോക്ക്

പഞ്ചായത്തിൽ വകയിരുത്തിയിട്ടുണ്ട്. 25 ക്ഷീര സംഘങ്ങളിൽ നിന്നായി 5 ഗ്രാമ പഞ്ചായത്തിലെ ഏകദേശം 1700 ഓളം ക്ഷീര കർഷകർക്ക് പ്രയോജനപ്രദമായ പദ്ധതിയാണിത്. ഇത്തരത്തിലുള്ള ജനകീയ പദ്ധതികൾ നടപ്പിലാക്കിയതു വഴി ബ്ലോക്ക് പഞ്ചായത്തിന്റെ പ്രതിദിന പാൽ സംഭരണം 2017-18-ലെ കണക്കുകളിൽ നിന്നും ഇരട്ടിച്ച് നിലവിൽ 10,500 ലിറ്റർ പാൽ സംഭരണം എന്ന നേട്ടത്തിലേയ്ക്ക് എത്തുവാൻ സാധിച്ചതുവഴി പാൽ ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ മുഖത്തല ബ്ലോക്ക് പഞ്ചായത്തിന് സാധിച്ചിട്ടുണ്ട് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. യാതൊരുവിധ ക്രമക്കേടുകളും നടന്നിട്ടില്ല എന്ന് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയ്ക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാലും, കർഷകരെ കാർഷിക മേഖലയിൽ പിടിച്ചുനിർത്തുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് നടത്തിയ ഇടപെടലുകൾ കണക്കിലെടുത്തും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനുള്ള സാധൂകരണം നൽകുന്നതിന് സർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് മുഖത്തല ബ്ലോക്ക് പഞ്ചായത്ത് ജനറൽ കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന്റെയും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത നടപടിക്ക് സാധൂകരണം നൽകുന്നതിന് സർക്കാരിനോട് ശുപാർശ ചെയ്ത് ജില്ലാതല ഓഡിറ്റ് മോണിട്ടറിംഗ് സമിതിയും തീരുമാനിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. 12-ാം പഞ്ചവത്സര പദ്ധതി മുതൽ കാലിത്തീറ്റ സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിലും ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്ന ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ, പഞ്ചായത്ത് കമ്മിറ്റി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിങ് സമിതി തീരുമാനം, നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി എന്നിവയുടെ അടിസ്ഥാനത്തിലും, ക്ഷീര വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി, മുഖത്തല ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ പ്രോജക്ട് നം-10/2009-പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട വനിതകൾക്ക് കാലിത്തീറ്റ നൽകൽ, പ്രോജക്ട് നം-63/2009-കറവമാടുകൾക്ക് വേനൽക്കാല സംരക്ഷണം, പ്രോജക്ട് നം-9/2009- വനിത വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് കാലിത്തീറ്റ നൽകൽ എന്നീ പദ്ധതികൾ സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, മുഖത്തല ബ്ലോക്ക് പഞ്ചായത്ത്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം
വെബ് &ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Reji R S
Date: 29-01-2025 16:46:10
സെക്ഷൻ ഓഫീസർ